"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്ത് വരുന്ന ശുചീകരണ തൊഴിലാളികളുടെ പ്രതിദിന വേതനം വർദ്ധിപ്പിച്ച് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.137/2026/TSM തീയതി,തിരുവനന്തപുരം, 03-03-2026

---

പരാമർശം:-

1. ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ **19.02.2025** തീയതിയിലെ **20547/RA/IDK/M(WR)2025** നം കുറിപ്പ്.
2. ബഹു. കൊല്ലം എം.എൽ.എ. യുടെ **04/02/2025** തീയതിയിലെ **127/PRO/KLM/2025** നം കുറിപ്പ്.
3. **26.05.2025** തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **DOT/586/2025-P7** നം കത്ത്.

**<u>ഉത്തരവ്</u>**

വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പു വരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുമായി **2007** മുതൽ വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ. **14** ജില്ലകളിലെയും **122** ഡെസ്റ്റിനേഷനുകളിൽ, കുടുംബശ്രീ മുഖേന നിയോഗിക്കുന്ന **645** വോളന്റിയർമാരെ പ്രയോജനപ്പെടുത്തി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ **(DTPC)** മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്ത് വരുന്ന ശുചീകരണ തൊഴിലാളികളുടെ പ്രതിദിന വേതനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട്

പരാമർശം (1), (2) പ്രകാരം ലഭ്യമായ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്ത് വരുന്ന ശുചീകരണ തൊഴിലാളികളുടെ പ്രതിദിന വേതനം **₹500/- (അഞ്ഞൂറ് രൂപ മാത്രം)** ആയി വർദ്ധിപ്പിച്ച് അനുമതി നൽകി ഉത്തരവാകുന്നു.പ്രസ്തുത തുക 5452-01-101-99-34-3 ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 04-03-2026 11:20:57

പകർപ്പ് : വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.